# CHURCH VOICE

## C. S. I. MATEER MEMORIAL CHURCH

Vol. 18 No.1 Newsletter January 2020



"ഞാൻ നിന്നോടുകൂടെ ഉണ്ടു; ഭ്രമിച്ചുനോക്കേണ്ടാ, ഞാൻ നിന്റെ ദൈവം ആകുന്നു;
ഞാൻ നിന്നെ ശക്തീകരിക്കും; ഞാൻ നിന്നെ സഹായിക്കും; എന്റെ നീതിയുള്ള
വലങ്കൈകൊണ്ടു ഞാൻ നിന്നെ താങ്ങും" യെശയ്യാവ് 41:10

# CHORAL MUSIC CONCERT

*performed by*

**Femmes Vocales of Vienna University**
**Philharmonic Choirs and Orchestra (Austria)**

***All are cordially invited***



***Offertory will be taken***

**at M.M. Church, L.M.S. Compound**
**at 6.30 pm on Friday the 17th January 2020**

Rev. D. Jacob
(Presbyter in charge)
Rev. Y. Vijayadas
Rev. L. Praveen Raj
Rev. P. Rohan
(Presbyters)

Dr. Thampi Samraj Y.C.
(Chruch Secretary)

Mr. Stanely Wilson
(Accountant)

---

## നിത്യതയിൽ ഏഴു വയസ്സ്
**31-1-2020**



## കെ. സരസമ്മ സൈറസ്സ്
W/o. സൈറസ്സ് ഇ.
(റിട്ട. സീനിയർ അക്കൗണ്ടന്റ്)

പ്രത്യാശയോടെ ജീവിച്ച് പ്രത്യാശയോടെ കടന്നുപോയ
ഞങ്ങളുടെ സ്നേഹനിധിക്ക് മറക്കാനാവാത്ത
ഓർമ്മകളോടുകൂടിയ സ്നേഹാദരങ്ങൾ സമർപ്പിക്കുന്നു
സമസ്ത കുടുംബാംഗങ്ങൾ

# CHURCH VOICE

17th year of publication

JANUARY 2020



**EDITORIAL BOARD**

**CHIEF EDITOR**

Rev. D. Jacob

**CONVENOR**
**Literary Board & Editor**

D. S. Valsa

Rev. Y. Vijayadas
Rev. Rohan P.
Rev. N.L. Praveen Raj
Manoj Kumar Ebenezer
(Sub Editor)
Dr. Thampi Samraj Y. C.
Stanley Wilson
Dr. Samson Nessiah
Dr. Sajitha Sanjeev



**ADDRESS**

The Chief Editor
Church Voice
M.M. Church
L.M.S. Compound
Trivandrum - 695 033
Ph: 2311347

Articles/Feedback may be sent to

churchvoice@gmail.com
before 15th of every month



Church Voice can be read online at our website

www.mateermemorialchurch.com

**PRINTED AT**

**GRACE PRINTERS**
**Muttada Ph: 2540523**


## CSI MATEER MEMORIAL CHURCH
### Regular Weekly Programme

| | | |
|---|---|---|
| Week days | Morning Worship (Monday to Saturday) | 07.00 a.m |
| | Devotion Prayer (Monday to Saturday) | 07.30 a.m to 01.00 p.m |
| Sunday | Malayalam Service | 06.00 a.m |
| | Tamil Service | 07.00 a.m |
| | Malayalam Service | 08.30 a.m |
| | English Service | 10.30 a.m |
| | Malayalam Service | 04.15 p.m |
| | Sunday School | 10.00 a.m & 03.00 p.m |
| | Women's Fellowship | 10.00 a.m |
| | Men's Fellowship | 10.00 a.m |
| | CEYF | 11.00 a.m |
| | BCL Union | 11.00 a.m |
| | JCF | 11.00 a.m |
| | Choir Practice | 11.30 a.m |
| | Young Family Fellowship | 05.30 p.m |
| | Praise and Worship (First Sunday) | 06.15 p.m |
| | Bible Study | 05.30 p.m. |
| Monday | Vestry Prayer | 06.30 p.m |
| Tuesday | Circle Prayer | 06.30 p.m |
| | Vestry Prayer | 07.00 p.m |
| Wednesday | Gospel Band House Visit | 03.30 p.m |
| | Women's Fellowship | 04.30 p.m |
| Thursday | Senior Citizens' Fellowship | 04.30 p.m |
| | Worship & Witnessing Service | 06.15 p.m |
| Friday | Circle Prayer | 06.30 p.m |
| Saturday | Choir Practice | 05.00 p.m |
| | Preparatory Service (eve of first Sunday) | 05.45 p.m |
| | Fasting Prayer (Second Saturday) | 10.00 a.m |

### Members of the Church Committee

| Name | Phone No. | Mobile |
|---|---|---|
| Rev. D. Jacob (President) | 2724658 | 9447886139 |
| Rev. Y. Vijayadas (Presbyter) | 2316544 | 9496369672 |
| Rev. N. L. Praveen Raj (Presbyter) | 2316644 | 8547113982 |
| Rev. Rohan P. (Presbyter) | | 9895369500 |
| Dr. Thampi Sam Raj Y. C. (Church Secretary) | | 9496440463 |
| Mr. Stanley Wilson (Church Accountant) | | 9447744777 |
| Dr. Samson Nessiah | | 9447126931 |
| Mr. Premchand Johnson | | 9447118118 |
| Mr. Padma Kumar L. J. | | 9895393794 |
| Er. Joshua A. | | 9447388607 |
| Dr. Sugunan V. S. | | 9446551854 |
| Er. Ceragil Austin Prince | | 9037819570 |
| Mr. Peter Chellaiah | | 9400330003 |
| Mrs. Valsa D. S. | | 9744088183 |
| Mrs. Grisilda Wills | | 9995236650 |
| Mr. Jobin B. David | | 8891412585 |
| Mr. Jayakumar Alfred T. | | 9895110652 |
| **Church Office** | **2311347** | |
| Mr. M. Sathia Raj (Manager) | | 9446341682 |
| Mr. T. Rajeev (Sexton) | | 9895801012 |
| Mr. G. Wilson (Parish Asst.) | | 9447525339 |

## From the Presbyter's desk



**നൂ**റ്റാണ്ടിന്റെ ആരംഭം മുതൽ ഡോ.എ.പി.ജെ. അബ്ദുൾ കലാം നിരവധി പ്രഭാഷണങ്ങളിൽ ഉരുവിട്ട 2020 എന്ന സ്വപ്നവർഷം പടിക്കലെത്തി. മധുരസ്വപ്നങ്ങളോടും ശുഭപ്രതീക്ഷകളോടുംകൂടി പുതുവർഷത്തെ ലോകം സ്വാഗതം ചെയ്യുന്നു. എങ്കിലും ജീവിതപുരോഗതിക്ക് ലാഭനഷ്ടങ്ങൾ വിലയിരുത്തുന്നത് അത്യാന്താപേക്ഷിതമാണ്. ലഭിച്ച അനുഗ്രഹങ്ങൾ, ശാരീരികവും മാനസികവും ആത്മീയവുമായ സൗഖ്യം, അനുഭവിച്ച ദൈവകൃപ, പ്രതീക്ഷയ്ക്കുപരിയായി ലഭ്യമായ അവസരങ്ങൾ, ആഴമേറിയ കുടുംബ, സാമൂഹ്യബന്ധങ്ങൾ എന്നിവയ്ക്കുമുന്നിൽ കൃതജ്ഞതാനിർഭരമായി ദൈവം എനിക്കു ചെയ്ത സകല ഉപകാരങ്ങൾക്കും ഞാൻ എന്തു പകരം കൊടുക്കും? എന്ന് ദാവീദിനെപ്പോലെ മന്ത്രിച്ചുപോകും. അതോടൊപ്പം പരാജയങ്ങളെ ഗൗരവമായി കാണേണ്ടതുണ്ട്. പ്രാവർത്തികമാക്കാൻ കഴിയാത്ത തീരുമാനങ്ങൾ, ബന്ധങ്ങളിൽ സംഭവിച്ച ഇടർച്ചകൾ, നീതി, സമാധാനം സൃഷ്ടിയുടെ സമഗ്രത എന്നിവ സാധ്യമാക്കാതെ പാഴാക്കിയ അവസരങ്ങൾ മുതലായവ വീണ്ടും ഒരു തിരിഞ്ഞുനോട്ടത്തിന് ആഹ്വാനം ചെയ്യുന്നു. പരിധിയില്ലാത്ത സ്വാതന്ത്ര്യത്തിനായുള്ള മനുഷ്യന്റെ അടങ്ങാത്ത ആഗ്രഹം പ്രകൃതിയെ ഊഷരമാക്കുന്നു. മനുഷ്യപാപത്താൽ ഭൂമി ശപിക്കപ്പെട്ടു. ജൈവവ്യവസ്ഥ പാപപങ്കിലമായി. കാര്യവിചാരകന്റെ അവിശ്വസ്തത! തിന വിതച്ചാൽ തിന കൊയ്യും. വിന വിതച്ചാൽ വിന കൊയ്യും എന്നത് പരമമായ യാഥാർത്ഥ്യം. സംതൃപ്തമാകാത്ത മനുഷ്യന്റെ ആശകളുടെ പരിണിതഫലവും അവയുടെ ദുരന്തങ്ങളും എല്ലായിടത്തും ദൃശ്യമാണ്. അലംഘനനീയമായ ധാർമ്മിക നിയമങ്ങളെയും സാംസ്കാരിക പാരമ്പര്യങ്ങളേയും അവഗണിച്ച സമൂഹത്തിന്റെ പതനം ശോചനീയമാണ്. അധികാരികളുടെ അന്ധത ഫറവോനെപ്പോലെ ബാധകളെ പെരുക്കുന്നു. സമൂഹത്തിന്റെ ദീന

രോധനങ്ങൾക്ക് ഇന്നത്തെ ഫറവോന്മാർ ചെവി കൊടുക്കുന്നില്ല. എല്ലാ മനുഷ്യരേയും പോലെ പഠിച്ച തൊഴിൽ ചെയ്യുന്നതിനും ജീവിക്കുന്നതിനും ആരാധിക്കുന്നതിനുമുള്ള മനുഷ്യാവകാശം ഹാബേലിനെപ്പോലെ ഇന്നും നിഷേധിക്കപ്പെടുന്നു. അതിരുകളിലേയ്ക്ക് തള്ളപ്പെട്ടവരുടെ നിലവിളി എവിടെയും പ്രതിധ്വനിക്കൊള്ളുന്നു. നാം എവിടെയെത്തി? തിരിച്ചുവരവ് അനിവാര്യമോ? കാഹളം എത്ര കാലം തെളിവില്ലാത്ത നാദം പുറപ്പെടുവിക്കും?

പടുകു കയറി അക്കരെയ്ക്കു പോകാനാണ് ഗുരുനാഥന്റെ ആഹ്വാനം. ജീവിതമാകുന്ന പടക് നൽകിയത് ദൈവം. ഈ സംസാര സാഗരം ദൈവത്തിന്റേതാണ്. എല്ലാം നൽകി അനുഗ്രഹിക്കുന്നവൻ തോണിയിലുണ്ടെങ്കിൽ സഫലമീ യാത്ര! സംഭവബാഹുല്യം കൊണ്ട് തോണി മുങ്ങും എന്ന് ഉറപ്പിക്കുമ്പോൾ നീട്ടപ്പെട്ട കരങ്ങളുമായി ക്രിസ്തു രാത്രിയുടെ നാലാം യാമത്തിൽ ഓടിയെത്തും. ഇവിടെ ടാഗോർ കുറിച്ചിട്ടത് എത്ര അന്വർത്ഥമാണ്!

നിന്റെ മുഖമൊന്ന് കണ്ടുവെന്ന് എനിക്കു തോന്നി
കൂരിരുളിലും ഞാൻ തോണിയിറക്കി
പ്രഭാതം ചിരിതൂകി ഉണരുന്ന സമയമായി
വസന്ത കുസുമങ്ങൾ വിരിയുകയായി
വെളിച്ചം വീണ്ടും പൊലിഞ്ഞാലും
പൂവുകൾ വീണ്ടും കൊഴിഞ്ഞാലും
എന്റെ തോണി മുമ്പോട്ടുതന്നെ നീങ്ങും
ചില നൗകകൾ മറ്റെങ്ങോ പോയി
ചിലതിനിയും സജ്ജമായില്ല
എന്റെ തോണി, പക്ഷേ മടിച്ചു നിൽക്കുകയില്ല
കാറ്റുപായ്കൾ നിവർന്നുകഴിഞ്ഞു
മറുകരയിൽ നിന്ന് പറവകൾ വന്നണഞ്ഞുകഴിഞ്ഞു
കാറ്റു നിലച്ചാലും
മറുകരയുടെ സന്ദേശം നിലച്ചാലും
എന്റെ തോണി മുന്നോട്ടു നീങ്ങുക തന്നെ ചെയ്യും

പുതുവത്സരാശംസകളോടെ,

**ജേക്കബ്ബച്ചൻ**

എഡിറ്റോറിയൽ



# “അങ്ങ് ക്രിസ്തുവാണോ”

പ്രശസ്തനായ ഒരു ശാസ്ത്രജ്ഞൻ ദീർഘദൂരയാത്രയ്ക്കായി റെയിൽവേസ്റ്റേഷനിലെ ചാരുബഞ്ചിൽ ഇരിക്കുകയായിരുന്നു. തിരക്കിലൂടെ ആരെയും ശ്രദ്ധിക്കാതെ ഓടിപ്പോകുന്ന യാത്രക്കാരെ നോക്കിക്കൊണ്ടിരുന്ന ആ ശാസ്ത്രജ്ഞൻ വളരെ വ്യത്യസ്തനായ ഒരാളെ ആ തിരക്കിനിടയിൽ കണ്ടെത്തി. വൃദ്ധനായ ആ മനുഷ്യന്റെ ഒരു കൈയ്യിൽ ഒരു വടിയും, മറ്റേ കൈയ്യിൽ ഒരു കുട്ടയിൽ കുറെ ആപ്പിളും. തിരക്കിനിടയിൽ വളരെ സാവധാനം ക്ഷീണിതനായി നടന്നുനീങ്ങുകയായിരുന്നു. പെട്ടെന്നാണ് ഒരാൾ വൃദ്ധന്റെ കുട്ടയിൽ തട്ടിയത്. മന:പൂർവ്വമല്ലെങ്കിലും കുട്ടയും അതിലെ ആപ്പിളുകളും തെറിച്ചു താഴെ വീണുപോയി. അത് ശ്രദ്ധിക്കാതെ ആ യുവാവ് കടന്നുപോയി. ആ ശാസ്ത്രജ്ഞൻ മെല്ലെ ഓരോ ആപ്പിളും എടുത്ത് കുട്ടയിൽ വച്ചു. അപ്പോഴും ആ വൃദ്ധൻ നിർവികാരനായിരുന്നു. ശാസ്ത്രജ്ഞൻ വൃദ്ധനെ സൂക്ഷിച്ചുനോക്കി. ആ വൃദ്ധന്റെ കണ്ണിലെ ചൈതന്യം എന്നേ നഷ്ട പ്പെട്ടിരുന്നു. കഷ്ടം; സ്വന്തം ജീവിതത്തിനായി കഷ്ടപ്പെടുന്ന അന്ധനായ മനുഷ്യൻ. ശാസ്ത്രജ്ഞന് ഏറെ വിഷമം തോന്നി. ആപ്പിളുകൾ അടുക്കി വച്ച കുട്ട ശാസ്ത്രജ്ഞൻ ആ വൃദ്ധന്റെ കരങ്ങളിൽ ഏൽപ്പിച്ചു. വൃദ്ധന്റെ കണ്ണുകളിലൂടെ സന്തോഷത്തിന്റെയോ സന്താപത്തിന്റെയോ കണ്ണുനീർ ഒഴുക്കി. ആ വൃദ്ധൻ ശാസ്ത്രജ്ഞന്റെ കരങ്ങളിൽ പിടിച്ചു കൊണ്ടു പതിയെ ചോദിച്ചു. ഞാൻ ഒന്നു ചോദിച്ചോട്ടെ. അങ്ങ് ക്രിസ്തു വാണോ?

നാം ജീവിക്കുന്ന ഈ ചുറ്റുപാടിൽ ക്രിസ്തുവിനെ ആവശ്യ മായിരിക്കുന്ന എത്രയോ വ്യക്തിജീവിതങ്ങൾ ഉണ്ട്. ആരാലും ശ്രദ്ധിക്ക പ്പെടാത്ത ജീവിതങ്ങൾ അവരുടെ മുന്നിൽ നന്മയുടെ പ്രതിരൂപങ്ങളായി

അഥവാ ക്രിസ്തുവായി നാം മാറേണ്ടതുണ്ട്. ഹൃദയം തകർന്നവരുടെ മുറിവു കെട്ടുവാനും, പാപത്തിന്റെ തടവറയിൽ ആയവരെ വിടുവിക്കാനും ബദ്ധന്മാർക്കു സ്വാതന്ത്ര്യം നൽകാനും ദു:ഖിതരെ ആശ്വസിപ്പിക്കാനും വന്ന ക്രിസ്തുവിനെ പ്രാവർത്തികമാക്കാൻ നമുക്കു സാധിക്കണം.

Preach the Gospel at all times

use words if necessary”

ഇത് ഫ്രാൻസിസ് അസീസിയുടെ വാക്കുകളാണ്. നമ്മുടെ പ്രവർത്തികളിലൂടെ മാത്രമേ എപ്പോഴും സുവിശേഷിക്കാൻ സാധിക്കൂ. ഇവിടെ വാക്കുകളേക്കാൾ പ്രവൃത്തിക്കാണ് പ്രാധാന്യം.

കൊലൊ 3:17 (വാക്കിനാലോ, ക്രിയയാലോ....സ്തോത്രം പറഞ്ഞുകൊണ്ടിരിപ്പിൻ.

2 കൊരി 5:20 (ആകയാൽ ഞങ്ങൾ ക്രിസ്തുവിനു വേണ്ടി സ്ഥാനാപതികളായി ദൈവത്തോടു നിരന്നുകൊൾവിൻ)

ക്രിസ്തുവിന്റെ സ്ഥാനാപതികളായ നാം ഈ ലോകത്തിന്റെ സംസ്ക്കാരത്തിലാണ് ജീവിക്കുന്നത്. അതിനാൽ നമ്മുടെ ഓരോ പ്രവൃത്തിയിലും യേശുവിനെ കാണിക്കാൻ സാധ്യമാവണം. ദാനിയേലും കൂട്ടുകാരും ശരിയല്ലാത്ത സംസ്ക്കാരത്തിൽ ജീവിച്ചു എങ്കിലും തങ്ങളെത്തന്നെ വിശുദ്ധിയോടെ സമർപ്പണത്തോടെ ജീവിച്ചു. അതുപോലെ നാം ആയിരിക്കുന്ന ഇടങ്ങളിൽ ക്രിസ്തുവിനെ നമ്മിലൂടെ കാണിക്കാം. നമ്മുടെ വാക്ക്, ചിന്ത, പ്രവൃത്തി അത്തരത്തിലുള്ളതാക്കാം. തീയതിനെ വെറുത്ത് നല്ലതിനെ മുറുകെ പിടിക്കുന്ന, ബലഹീനരെ താങ്ങുന്ന, ഉൾക്കരുത്തില്ലാത്തവരെ ധൈര്യപ്പെടുത്തുന്ന, തിന്മയ്ക്കു പകരം തിന്മ ചെയ്യാത്ത ഒരു സംസ്ക്കാരം കെട്ടിപ്പടുക്കാൻ പുതിയ വർഷം നമുക്ക് പ്രയത്നിക്കാം. അപ്രകാരമുള്ള സന്തോഷവും സമാധാനവും എല്ലാ സമൃദ്ധിയും ലഭിക്കുന്ന 2020 ആശംസിക്കുന്നു.

**വത്സ ഡി. എസ്.**

എഡിറ്റർ

## Secretary's Report



**Dear friends in Christ,**

**Greetings in the precious name of our Lord and Saviour Jesus Christ.**

By the grace of God we were able to conduct the 113th year Church dedication day worship service on 1st December 2019, Carol rounds from 24th November 2019 to 17th December 2019, Annual Harvest festival on 14th and 15th of December 2019, distribution of Christmas kit and cloth to the poor and needy on 21st December 2019, Combined Christmas celebration on 22nd December 2019, Gnanabharanam Memorial Sports on 24th December 2019 and Christmas tree on 25th December 2019.

While we say good bye to 2019 an introspection of our words and deeds based on the Christian values is essential. Such an exercise would provide us to correct ourselves and take forward our life as true Christians in the New Year -2020. It is also necessary to by heart the following biblical versus to face the New Year confidently:

**Proverbs 16:1&3**
**"We may make our plans, but God has the last word."**
**"Ask the LORD to bless your plans, and you will be successful in carrying them out."**
**Proverbs 20: 30&31**
**"Human wisdom, brilliance, insight-they are of no help if the LORD is against you."**
**"You can get horses ready for battle, but it is the LORD who gives victory."**
**Psalms 127:1**
**"If the LORD does not build the house,the work of the builders is useless;**
**if the LORD does not protect the city,it does no good for the sentries to stand guard."**

*"Lighten up your surroundings with sweet smile and make way for happiness with your good deeds this New Year. Goodbye 2019 Welcome 2020 New Year".*

**1. 113th Church dedication day**

113th Church dedication day worship service was held on Sunday 1st December 2019. During the Church dedication day several of our children and others were honoured by the church for their outstanding performance/ achievements in their respective fields. The worship service was followed by a love feast.

**2. A BIG THANKS TO ALL- Carol rounds-2019**

By the Grace of God, the Church SPONSORED Christmas CAROL rounds was conducted from 24th November 2019 to 17th December 2019. Four teams of carol singers (our Church members), dedicated their time to visit our members' houses, spread across 58 routes in Trivandrum City and suburbs to take the message of Christmas by singing melodious Christmas carol. The Church

members whole heartedly received the carol teams and extended warm hospitality.

**3. ANNUAL HARVEST FESTIVAL - 2019. A SUCCESSFUL EVENT**

Annual Harvest Festival- 2019 of MM Church was successfully held on 14th and 15th December 2019 at Church campus. Hearty thanks is extended to 1st bidder Adv. Sarjine Thomas, 2nd bidder Mr. Daniel Chellaswamy and family, 3rd bidder Dr. M.S. Rajan and family.

Thanks to the sub-organizations of our church who sincerely involved in providing delicious recipes to the participants and the income generated so, was submitted to the Church as Annual Harvest Festival sale proceeds.

Sincere thanks to the Convener, Joint Conveners and leaders of various committees of Annual Harvest Festival 2019. The final figure of the receipts from Annual Harvest Festival will be ready shortly.

**4. Distribution of Christmas kit and cloth**

On Saturday 21st December 2019 Christmas kit and cloth were distributed. Around 450 number of persons were benifited and an amount of Rs.1, 30,614 was incurred towards distribution of Christmas Kit.

**5.Combined Christmas Celebration**

The combined Christmas celebration was organized on 22nd December 2019.The celebration was inaugurated by Mr. K. Sreekumar the Hon'ble Mayor of Trivandrum city Corporation. Felicitation addresses was delivered by Sri.PalayamRajan councilor. Varieties of Christian cultural programme were presented by the sub organizations and individual members.

As part of combined Christmas celebration competitions on Manger, Christmas tree, Christmas star and Christmas Lantern, were also organized. Sri. Santosh Kumar.C.F the convener of the combined Christmas celebration took sincere interest to make this celebration a grand one.

**6. Gnanabharanam memorial sports**

Gnanabharanam sports for our children and veterans was conducted on 24th December 2019 and the prizes for the winners were distributed during Christmas tree function on 25th December 2019.

**7. Christmas tree**

Christmas tree celebration was held on 25th December 2019 at 3pm along with the anniversary of JCF and BCL union. As usual tree Christmas gifts were distributed to all the persons attended the Christmas tree function.

**8. Christmas eve and Christmas carol by M M Church choir**

Christmas Eve service was held on 24th December at 6:15 pm. The Church choir has conducted Christmas carol immediately after the service.

**9. Church Committee Meeting**

In December, regular Church Committee meeting was held on 08th December 2019 Sunday.

**10. Accounts for the month of November 2019**

The receipts and payments for the month of November 2019 is published at page nos. 26 to 31 of this issue.

**11. Baptism**

The following children were baptised at our Church during the month of December 2019.

| Sl no. | Name of child | Parents | Family no. |
|---|---|---|---|
| 1 | Rafael Asish | Mr. Asish Prasad&ErNisha AM | 2014 |
| 2 | Samuel Philip Rohan | Rev.Rohan P&MrsAneeshya MG | 2181 |
| 3 | Joann Thampi Nivea Nikhil | Mr.NikhilSherine Thampi&Mrs Nivea G | 2071 |
| 4 | Ryan Gracelin Godfrey | Mr.GodfreyJeychandraGracelin& Mrs. Reenu Christopher | |

**12. Confirmation**

Following persons were received confirmation during the month of December 2019

| SlNo. | Name of the Person | Family No. |
|---|---|---|
| 1 | Divya J N | |
| 2 | Gadha Mohandas | 2226 |
| 3 | Richie Siddhartha Walsalam | 1546 |
| 4 | Nelson Sam Rasalam | 1068 |
| 5 | Saji M S | 1975 |
| 6 | Savan J Saji | 1975 |
| 7 | Anakha V Wills | 1548 |
| 8 | S J Saja | 2067 |
| 9 | Amish SSen | 1687 |
| 10 | Jyotsna J John | A 577 |
| 11 | Joana J John | A 577 |
| 12 | Achsah A S | A 520 |
| 13 | Sarah Manoj | 1969 |
| 14 | Arya M A | 1615 |
| 15 | Amal M A | 1615 |
| 16 | Sandra S R | 1575 |
| 17 | Ancy A S | 1540 |
| 18 | Angel Aleena S R | 2141 |
| 19 | Shaji A | 1813 |
| 20 | SanjuShaji | 1813 |
| 21 | SojaShaji | 1813 |
| 22 | SheejaShaji | 1813 |
| 23 | Nicole Elsie Fletcher | 1954 |
| 24 | Nancy S Rajan | 1360 |
| 25 | Nivea G | 2071 |

**13. Anniversaries of Suborganizations**

Anniversaries of Senior Citizen Fellowship (SCF), Sunday school, Women's fellowship, Men's fellowship, Young Family Fellowship, Christian Endeavor Youth Fellowship, Junior Christian Endeavor Fellowship and Boys Christian Literary union were held during this month.

**14. Marriages**

15 marriages were held at our Church during the month, of which 7 marriages were of our Church members:

i. Dr. Aswin.S , Family No. 1317 married to Dr. Joemol.V.R, on 02nd December 2019.

ii. Mr. Ciby.S.Moses, Family No.1170 married to Ms. Deepthi J on 04th December 2019.

iii. Dr. Manoj.S, Family No.1205 married to Ms. Nithya M S on 21st December 2019.

iv. Mr. Rajesh M Das, Family No.1249 married to Ms. Merrin.R.S on 23rd December 2019.

v. Mrs. Reshma Stanly, Family No. 1719 married to Mr. Morris Jawahar on 26th December 2019.

vi. Ms. Neethu.P.S, Family no.1028 married to Mr. Akhil on 27th December 2019.

vii. Ms. Abha Gilbert, Family No. 849 married to Mr. Jeevan on 28th December 2019.

**15. Obituary**

i. Dr. John Marshell (Family No.1558) called to eternal rest on 26.11.2019 at Dubai and funeral was held on 04.12.2019 at Dubai.

ii. Mr. D P Stanely (Family No. A 457) called to eternal rest on 27.11.2019 and funeral at M M Church cemetery was held on 29.11.2019.

iii. Mrs. Christalda Rose Cecil(Family No. 1005) called to eternal rest on 08.12.2019 and funeral at M M Church cemetery was heldon 09.12.2019.

iv. Mrs. Cecily.S, M/o. Mr. G. Wilson( Parish Assistant, MM Church) called to eternal rest on 14.12.2019 and funeral was held at her residence at Malamukal.

iv. Mr. Albert.V.K(Family No. 1377) called to eternal rest on 14.12.2019 and funeral at M M Church cemetery was held on 15.12.2019.

Heartfelt condolences to the bereaved family.

**16. Birthday Greetings**

Church committee extends bright and blessed birthday to all our beloved members who celebrated birthday during the month of December 2019.

The Church committee take this opportunity to wish all the members of MM Church A Blessed New year 2020

May God our father and the Lord Jesus Christ give you all grace and peace.

**Dr. Thampi Sam Raj Y C**
**Church Secretary**

# കണ്ണിന്റെ കൃഷ്ണമണി

## "കണ്ണിന്റെ കൃഷ്ണമണിപോലെ എന്നെ കാക്കേണമേ" (17:8)

ആൽബർട്ട് ലിവിംഗ്സ്റ്റൺ

"ശരീരത്തിന്റെ വിളക്ക് കണ്ണ് ആകുന്നു. കണ്ണ് ചൊവ്വുള്ളതെങ്കിൽ നിന്റെ ശരീരം മുഴുവനും പ്രകാശിതമാക്കിയിരിക്കും; കണ്ണ് കേടുള്ളതെങ്കിലോ നിന്റെ ശരീരം മുഴുവനും ഇരുണ്ടതായിരിക്കും" (മത്താ. 6:22) കണ്ണിന്റെ പ്രാധാന്യം അറിയാൻ ഒരു മാർഗ്ഗമുണ്ട്. ചില നിമിഷങ്ങൾ നിങ്ങൾ കണ്ണുകളെ മൂടി നോക്കുക. നിങ്ങൾ കണ്ണില്ലാത്തവരായി സങ്കല്പിക്കുക ജീവിതത്തിൽ പ്രകാശവും സന്തോഷവും മങ്ങി ഇരുളും കയ്പും നിറയും കാഴ്ചയില്ലാതെ നടക്കുന്ന ആയിരകണക്കിനുള്ള സഹോദരി സഹോദരന്മാരെ ചിന്തിക്കുമ്പോൾ നമ്മുടെ മനസ്സ് ഉരുകുന്നില്ലേ?

സങ്കീർത്തനക്കാരൻ കൃഷ്ണമണിയുടെ സംരക്ഷണം ഉണരുന്നു. കണ്ണിനു നേർക്കു എന്തെങ്കിലും വന്നാൽ, പൊടിവീഴാൻ സാധ്യതയുണ്ടാകുമ്പോൾ നാമറിയാതെ തന്നെ സ്വയം പ്രവർത്തിക്കുന്ന കതകുകൾ പോലെ കൺപോളകൾ പ്രവർത്തിക്കുന്നു. അതു മറികടന്ന് പൊടി വീണാൽ കൺമണികൾ ഉരുട്ടി തിരിച്ച് പൊടിയെ പുറത്താക്കാൻ പാടുപെടുന്നു. കണ്ണുനീർ ഗ്രന്ഥികൾ ധാരാളം കണ്ണുനീർ ചുരത്തി ഈ പ്രവർത്തനത്തെ സഹായിക്കുന്നു. കണ്ണുകൾക്കുള്ളതുപോലെ ഇത്രയേറെ സൂക്ഷ്മ സംരക്ഷണം നല്കുന്ന അവയവങ്ങൾ വേറെയില്ല.

കൃഷ്ണമണിപോലെ ദൈവം നമ്മെ കാക്കുന്നു. നമ്മെ തൊടുന്നവർ അവന്റെ കൺമണിയെ തൊടുന്നതിനു തുല്യമാകുംവണ്ണം ദൈവം നമ്മെ ചേർത്തണച്ച് കൊണ്ടിരിക്കുന്നു. "നിങ്ങളെ തൊടുന്നവർ അവന്റെ കൺമണിയെ തൊടുന്നു (സെഖ. 2:8) ചീറുന്ന പുലികൾ, ഗർജ്ജിക്കുന്ന സിംഹങ്ങൾ, അലറുന്ന ആനകൾ, ഉറുമ്മുന്ന കാട്ടുപന്നികൾ, വാക്കുകൾകൊണ്ടും പ്രവൃത്തികൾ കൊണ്ടും നമുക്കു നേർക്കു കുന്തം ചാണ്ടുന്ന മനുഷ്യർ! ഇപ്രകാരം നേരിടുന്ന എത്രയോ കഷ്ടങ്ങൾ അവയെല്ലാം നേരിട്ട് തോല്പിച്ച് ദൈവം നമ്മെ സൂക്ഷിക്കുന്നു. കണ്ണിന്റെ

ഇമകൾക്കു ന്യൂതനഅനുഭവിച്ചാലും അങ്ങയുടെ സഹായത്തിനു ഒരിക്കലും വീഴ്ചയുണ്ടാകുന്നില്ല! കണ്ണിമൈ പിന്നിട്ടാലും നിൻ തുണൈ പിന്നിടാ! എന്നിങ്ങനെ ഒരു പാട്ടുകാരൻ പാടിയിരിക്കുന്നു. ഈ വിശ്വാസം എല്ലാവർക്കും ആവശ്യമാണ്.

ചില അവസരങ്ങളിൽ നാം എന്തുകൊണ്ട് സംരക്ഷിക്കപ്പെടുന്നില്ലയെന്ന് എല്ലാ ദൈവമക്കളും ചോദിക്കുന്ന ഒരു ചോദ്യമാണ്. തെളിവും വ്യക്തവുമായ ഒരു മറുപടി നമുക്കില്ല. ചിലപ്പോൾ നാം കണ്ണുകളെ അശ്രദ്ധയായി ഉപയോഗിക്കുന്നതിനാൽ നാമറിയാതെ സംഭവിക്കുന്ന കേടാകാം. ശരിയായ കാരണം നാം ഗ്രഹിക്കുന്നില്ലായിരിക്കാം എന്നാലും ഒരു കാര്യം സത്യം ഏതു നിലയിലായിരുന്നാലും ദൈവം നമ്മെ സംരക്ഷിക്കുന്നു. നമ്മെ താങ്ങി സ്നേഹത്തോടെ വഴി നടത്തുന്നു.

എന്നാൽ, എന്തിനാണ് ഈ കൺമണികൾ സംരക്ഷിക്കപ്പെടുന്നത്? തുറിച്ചു നോക്കാനാണോ? കുറവുകൾ കാണാനാണോ? മറ്റുള്ളവരെ പഴിച്ചുനോക്കാനാണോ? അല്ല, തീർച്ചയായുമല്ല. "ഞാനോ നീതിയിൽ നിന്റെ മുഖത്തെ കാണും, ഞാൻ ഉണരുമ്പോൾ നിന്റെ രൂപം കണ്ട് തൃപ്തനാകും" എന്നിങ്ങനെ പതിനേഴാം സങ്കീർത്തനം അവസാനിക്കുന്നതായികാണാം. അതെ, നീതിയെ ഉറ്റുനോക്കുന്നതിന് അനീതിയെ വെറുപ്പോടെ നോക്കുന്നതിനുമാണ് ഈ കൺമണികൾ സംരക്ഷിക്കപ്പെട്ടിരിക്കുന്നത്. ആരുടെ മുഖം 'കണി' കണ്ടാലാണ് 'നല്ല രാശി' അഥവാ ഭാഗ്യം എന്ന തോന്നൽ വെറും അത്യാഗ്രഹത്തിന്റെ അടയാളമാണ്.

ദൈവസാദൃശ്യത്തെ, അവന്റെ സ്നേഹസൗന്ദര്യത്തെ, ഉറ്റ നീതിയെ ക്രൂശിനെ, മനസ്സുരുകുമാറ് ധ്യാനിച്ച് കണ്ണുകൾ തുറക്കുന്നതു എന്തുഭാഗ്യം. ഇതിനായിട്ടാണ് ഈ കൺമണികൾ സംരക്ഷിക്കപ്പെട്ടിരിക്കുന്നത്.

പ്രാർത്ഥന: എന്നെ കൺമണിപോലെ സംരക്ഷിക്കുന്ന സ്നേഹവാനേ, അങ്ങയുടെ ഇഷ്ടപ്രകാരം ജീവിച്ച്, അങ്ങ് ഏല്പിക്കുന്ന ദൗത്യം പൂർത്തീകരിച്ച് (വിശുദ്ധിയോടും നീതിയോടും) ഞാനുണരുമ്പോൾ അങ്ങയുടെ രൂപം കണ്ട് തൃപ്തനാകാനും സഹായിക്കേണമേ, ആമേൻ.

**(വേദപണ്ഡിതനായ ഇസ്രയേൽ സെൽവനായകം എഴുതിയ ചില ചിന്തകൾ "ധ്യാനപീഠം" എന്ന തലകെട്ടിൽ ദിവംഗതനായ ബിഷപ്പ് ഡോ. സാമുവൽ അമൃതം തിരുമേനി പ്രസിദ്ധീകരിച്ചു. തിരുമേനിയുടെ സ്മരണാർത്ഥം മി. ആൽബർട്ട് ലിവിംഗ്സ്റ്റൺ വിവർത്തനം ചെയ്ത് പുനാരാഖ്യാനം ചെയ്ത ചില ചിന്തകളിൽ ഒന്നാണ് ഈ മാസത്തെ ധ്യാനപീഠത്തിൽ ഉൾക്കൊള്ളിച്ചിട്ടുള്ളത്.)** ○

# പുതുവർഷം ഉത്കൃഷ്ടമായ ജീവിത പടവുകളിലേയ്ക്ക്....

**ഡോ. ക്രിസ്റ്റൻസൺ ഇ. സാരസം**

നവവത്സരം വെല്ലുവിളികളുടെയും വെളിപ്പാടിന്റെയും വർഷമാണ്. എന്താണ് നമുക്കായി കാത്തിരിക്കുന്നതെന്ന് നമുക്ക് പ്രവചിക്കാനാവില്ല. എന്നാൽ നമ്മുടെസർവ-സമ്പൂർണ്ണ നിയന്ത്രണം ദൈവകരങ്ങളിൽ ആയതിനാൽ നമുക്ക് ഭയപ്പെടേണ്ടതില്ല. നിങ്ങൾ കൈവശമാക്കുവാൻ ചെല്ലുന്ന ദേശമോ മലകളും താഴ്‌വരകളും ഉള്ള തായി ആകാശത്ത് നിന്നു പെയ്യുന്ന മഴവെള്ളം കുടിക്കുന്നതും നിന്റെ ദൈവമായ യഹോവ പരിപാലിക്കുന്നതുമായ ദേശമാകുന്നു. ആണ്ടിന്റെ ആരംഭം മുതൽ അവസാനം വരെ നിന്റെ ദൈവമായ യഹോവയുടെ ദൃഷ്ടി എപ്പോഴും അതിന്മേൽ ഇരിക്കുന്നു. (ആവർത്തനം 11:11-12). കഴിഞ്ഞ വർഷത്തിൽ നാം പ്രാപിച്ച നന്മകൾ അനവധിയാണ്. അവ യൊക്കെയും നമുക്ക് എണ്ണി എണ്ണി സ്തുതിക്കാം. നമ്മുടെ യാത്രകളിൽ ദൈവീക സംരക്ഷണം. നേരിടാമായിരുന്ന അനേകം ആപത്തുകൾ, അനർത്ഥങ്ങൾ, വിപത്തുകൾ, മന:ക്ലേശങ്ങൾ എന്നിവയിൽ ദൈവ ത്തിന്റെ നേരിട്ടുള്ള ഇടപെടൽ നാം അനുഭവിച്ചറിഞ്ഞു. യഹോവയ്ക്ക് സ്തോത്രം ചെയ്യിൻ; അവൻ നല്ലവനല്ലോ. അവന്റെ ദയ എന്നേക്കു മുള്ളത് (സങ്കീ.108:11). രോഗങ്ങൾക്കിടയിൽ കർത്താവിന്റെ ആണിപ്പാ ടുള്ള കരസ്പർശം നാം സ്വീകരിച്ചില്ലേ? വാടിത്തളർന്നപ്പോൾ നവ ചൈതന്യം പ്രാപിച്ചില്ലേ? നമ്മുടെ മുന്നിൽ കൊട്ടിയടക്കപ്പെട്ട വാതിലു കൾ അരുമനാഥൻ തുറന്നുതന്നില്ലേ? ഇരുൾ മൂടിയ മേഖലയിൽ പ്രകാശം തന്നില്ലേ? ഭീതി മാറ്റി ആത്മധൈര്യം പകർന്നുതന്നില്ലേ? യഹോവ എനിക്കു ചെയ്ത സകല ഉപകാരങ്ങൾക്കും ഞാൻ എന്തു പകരം കൊടുക്കും? (സങ്കീ.116:14). നന്ദി നിറഞ്ഞ ഹൃദയത്തോടെ സകല ഭാരവും മുറുകെ പറ്റുന്ന പാപവും വിട്ടു നമുക്ക് മുന്നിൽ വച്ചിരിക്കുന്ന ഓട്ടം നമുക്ക് സ്ഥിരതയോടെ ഓടാം (എബ്രാ. 12:1).

സുഖ-ദു:ഖ സമ്മിശ്രമായ ഇഹലോകജീവിതത്തോടുള്ള നമ്മുടെ മനോഭാവവും പ്രതികരണവും എന്താണ്? നാം ഉത്സാഹികളോ അതോ നിസ്സംഗരോ? ദൈവത്തിന്റെ പരിപാലനത്തിൻ കീഴിൽ നാമെല്ലാവരും നമ്മുടെ മുന്നിലെത്തുന്ന ഉത്തരവാദിത്തങ്ങൾ സധൈര്യം ഏറ്റെടു ക്കണം. വ്യത്യസ്തമായ കർമപഥങ്ങൾ നമ്മെ തേടി എത്തിയെന്നിരിക്കും. പ്രാർത്ഥനാപൂർവം തിരഞ്ഞെടുക്കണം. അതിനരിവാര്യമായ ദൈവീക വെളിപ്പാടുകളോട് ക്രിയാത്മകമായി പ്രതികരിക്കണം. അതോടൊപ്പം

ദൈവത്തിനു അനിഷ്ടമായതിൽ നിന്നൊക്കെയും ഒഴിഞ്ഞു നിൽക്കാൻ ആർജവം കാട്ടണം. നവവത്സരം ദൈവത്തിന്റെ ദാനമാകയാൽ ദൈവ ത്തോട് മത്സരിക്കരുത്. പണ്ടുള്ള പൂർവകാര്യങ്ങളെ ഓർത്തുകൊൾവിൻ; ഞാനല്ലാതെ വേറൊരു ദൈവവുമില്ല (യെശ. 46:9). കഴിഞ്ഞ തലമുറ കളെ നടത്തിയ ദൈവത്തിങ്കലേയ്ക്കും, പൂർവപിതാക്കന്മാരുടെ അടി പതറാത്ത വിശ്വാസ പാരമ്പര്യങ്ങളിലേക്കുമുള്ള ഒരു യാത്രയാണിത്. കാലാകാലങ്ങളിലൂടെ നമ്മുടെ ജീവിത പന്ഥാവിലേയ്ക്ക് ഇറങ്ങി വന്നു പ്രവർത്തിച്ചു നമ്മെ ധന്യമാക്കിയ ദൈവത്തിന് ഹൃദയപൂർവം സ്തോത്ര മർപ്പിക്കാം. എൻ മനമേ യഹോവയെ വാഴ്ത്തുക; എന്റെ സർവാന്തര ങ്ങവുമേ അവന്റെ വിശുദ്ധനാമത്തെ വാഴ്ത്തുക; എൻ മനമേ യഹോ വയെ വാഴ്ത്തുക; അവന്റെ ഉപകാരങ്ങൾ ഒന്നും മറക്കരുത് (സങ്കീ. 103:1, 2)

2019 നമ്മെ വിട്ടു കടന്നുപോയി; 2020-ലേയ്ക്ക് നാം പ്രവേ ശിച്ചിരിക്കുന്നു. ഞാൻ ജീവനുള്ളവരുടെ ദേശത്തു യഹോവയുടെ മുമ്പാകെ നടക്കും (സങ്കീ. 116:9) എന്നു ദാവീദ് തീരുമാനിച്ചു. നമുക്കു നിശബ്ദരും നിഷ്ക്രിയരുമായി ഇരിക്കുവാൻ അവകാശമില്ല. ക്രിസ്തുവിന്റെ അനുകാരികളായ നമുക്ക് മാതൃകാപരമായ ക്രിസ്തീയ സാക്ഷ്യം നിലനിർത്താൻ കഴിയുന്നുണ്ടോ എന്നു ആത്മപരിശോധന ചെയ്യേണ്ട സന്ദർഭമാണിത്. നാം ലോകത്തിൽ ഉള്ളവരെങ്കിലും ലോക ത്തിനുള്ളവരല്ല എന്നു അലംകൃതമായി കാണപ്പെടുന്നുണ്ടെങ്കിലും ദൈവദൃഷ്ടിയിൽ കുറവുള്ളവർ എന്നു സമ്മതിച്ചേ മതിയാകൂ. ആദ്യ സ്നേഹം നമുക്ക് കൈമോശം വന്നിട്ടില്ലേ? ഭക്തിയുടെ വേഷം നാം ധരിക്കുന്നു എങ്കിലും ശക്തി ക്ഷയിച്ചു പോയിട്ടില്ലേ? നമുക്ക് ദാനമായി നൽകപ്പെട്ടിരിക്കുന്ന ഈ ജീവിതത്തെ ചെലവിടാനും ദൈവമഹത്വ ത്തിനും മനുഷ്യനന്മയ്ക്കും ചെലവാക്കപ്പെടാനും നാം തയ്യാറോ?

നാം പ്രവേശിച്ചിരിക്കുന്ന ഈ ആണ്ടിൽ നമ്മുടെ പ്രതിജ്ഞ എന്താണ്? നാം എന്തിനെയാണ് ലക്ഷ്യമിടുന്നത്? എന്താണ് നമ്മുടെ മുൻഗണന? ദൈവത്തിനായി എഴുന്നേറ്റ് കൃപയുടെ വാതിൽ അടയ്ക്കും മുമ്പേ അനേകരെ ക്രിസ്തുവിങ്കലേക്കു ആനയിക്കാൻ പ്രയത്നിക്കാം. വിവിധ മുഖാന്തിരങ്ങളിലൂടെ നമ്മുടെ സമസിഷ്ടങ്ങൾ ദൈവത്തിങ്ക ലേക്കു മടങ്ങിവരുമ്പോൾ പുറത്തു നിന്നും ചോദ്യം ചെയ്യാതെ പൂർണമനസ്സോടെ അവരെ ഉൾക്കൊള്ളാനുള്ള നൽഹൃദയം നമ്മിൽ ഉളവാകട്ടെ. ത്യാഗോജ്വലമായ മിഷണറി പ്രയത്നങ്ങളുടെയും പ്രോജ്വലമായ ആത്മീയ പ്രവർത്തനങ്ങളുടെയും നന്മകൾ അനുഭവിച്ച ഒരു തലമുറയിലെ നമുക്ക് ഇന്നത്തെ സമൂഹത്തിന്റെ വെല്ലുവിളികളെ നേരിടാൻ അനുയോജ്യമായ ഊർജ്ജ സ്രോതസ്സുകളായി നാം മാറേണ്ടതുണ്ട്. അതിനായി ദൈവം നമ്മെ ശക്തീകരിക്കട്ടെ.

ദൈവദൃഷ്ടിയിൽ ലോകത്തിൽ രണ്ടു കൂട്ടരാണുള്ളത്. നഷ്ടപ്പെട്ടു പോയവരും, രക്ഷിക്കപ്പെട്ടവരും. നാം എവിടെ നിന്നു വന്നു എന്നുള്ളത് പ്രധാനമേയല്ല. നാം എവിടേക്കു പോകുന്നു എന്നതാണ് മുഖ്യം. ഈ ലോകത്തിൽ നാം ജീവനോടെ ഇരിക്കുമ്പോൾ എടുക്കുന്ന തീരുമാനമാണ് നിത്യതയിൽ വരുവാനുള്ള ലോകത്തിൽ നാം എവിടെ ആയിരിക്കുമെന്ന് ഉറപ്പാക്കുന്നത്. സകലവും നമുക്കുവേണ്ടി സൃഷ്ടിച്ചു നൽകിയ ദൈവസന്നിധിയിൽ വിനയാന്യൂതരായി സ്തോത്രമർപ്പിച്ചു കൊണ്ടും സൃഷ്ടാവോടു സൃഷ്ടിപ്രക്രിയയിൽ കൂട്ടുചേരാൻ സ്വയം സമർപ്പിച്ചുകൊണ്ടും മുന്നേറാം. പുത്തൻ പ്രതീക്ഷകൾ ഉണർത്തുന്ന പുതുവർഷം നവീകരണത്തിന്റെയും ഒരുക്കത്തിന്റെയും പുതുക്ക ത്തിന്റെയും നാളുകളായിത്തീരട്ടെ. കഴിഞ്ഞ വർഷം എടുത്ത പല നല്ല തീരുമാനങ്ങളും ഇപ്പോഴും മനസ്സിൽ കൊണ്ടുനടക്കുകയാണോ അതോ പ്രവൃത്തിയിൽ കൊണ്ടുവരാൻ കഴിഞ്ഞിട്ടുണ്ടോ? മനസ്സൊരുക്കമുള്ള തിരുവചന ധ്യാനവും മനസ്സുരുകിയുള്ള പ്രാർത്ഥനയും നമ്മുടെ ജീവിത ത്തിന്റെ മുഖമുദ്രയായിത്തീരട്ടെ. തിരുവചനം നമ്മുടെ കാലിന് ദീപവും പാതയ്ക്ക് പ്രകാശവും ആയിത്തീരട്ടെ (സങ്കീ.119:105). *നിന്റെ ന്യായ പ്രമാണത്തിലെ അത്ഭുതങ്ങളെ കാണേണ്ടതിന്നു എന്റെ കണ്ണുകളെ പ്രകാശിപ്പിക്കേണമേ* എന്നു നമുക്കു ആത്മാർത്ഥമായി പ്രാർത്ഥിക്കാം. ഈ പുതിയ വർഷത്തിൽ നമ്മിൽ പലരും നല്ല നല്ല തീരുമാനങ്ങൾ എടുത്തുകാണും. എന്നാൽ അത് മനസ്സിൽ നിലകൊണ്ടാൽ പോരാ; പ്രായോഗികതലത്തിൽ കൊണ്ടുവരികയാണ് വേണ്ടത്. അപ്പോൾ മാത്രമേ ജീവിതം അനുഗ്രഹമായി മാറുകയുള്ളു. നാളത്തേക്ക് മാറ്റി വയ്ക്കരുത്. അതിനു ആവശ്യമായ ശക്തി ദൈവത്തിങ്കൽ നിന്ന് നമുക്ക് ആർജിക്കാം.

ഒരു പുത്തനാണ്ടിന്റെ പുതുപുലരി കാണാനും അനുഭവിക്കാനും നമ്മുടെ ആയുസ്സിനെ ദീർഘിപ്പിച്ച ദൈവത്തിനു നന്ദിയർപ്പിക്കാം. ശുഭപ്രതീക്ഷകളോടെ കഴിഞ്ഞ വർഷാരംഭം കണ്ട എത്ര എത്ര പേരാണ് നിത്യസ്വസ്ഥതയിലേയ്ക്ക് പ്രവേശിച്ചത്? ജീവനുള്ളവരുടെ ദേശത്തു (സങ്കീ. 116;9) നമ്മെ ശേഷിപ്പിച്ചിരിക്കുന്നതിന് ഒരു ദൈവ ഉദ്ദേശ്യമുണ്ട് എന്നു എപ്പോഴും ഓർമ്മയുണ്ടാവണം. *ദീർഘായുസ്സ് കൊണ്ട് ഞാൻ അവന് തൃപ്തി വരുത്തും(സങ്കീ. 91:6* എന്ന വാഗ്ദത്തത്തെ നമുക്ക് മുറുകെ പിടിക്കാം. ഇബനീസറും ഇമ്മാനുവേലുമായ നമ്മുടെ കർത്താവ് ലോകാവസാനത്തോളം നമ്മോടുകൂടെ ഉണ്ട് (മത്തായി 18:20) എന്നു ദൈവം നമുക്ക് ഉറപ്പ് നൽകിയിരിക്കുന്നു. അനുദിനം നമ്മുടെ കാലിനെ ദോഷം വിട്ടകലുമാറാക്കി (സദൃ.വാ.4:27). ഇനിയും നമ്മെത്തന്നെ വിശു ദ്ധീകരിക്കാം (വെളി.22:21). വിളക്കോടുകൂടെ പാത്രത്തിൽ എണ്ണയും എടുത്തു (മത്താ.25:4) മണവാളനെ എതിരേൽക്കാൻ നാളും നാഴികയും അറിയായ്കയാൽ നമുക്ക് ഉണർന്നിരിക്കാം (മത്താ. 25:13).

# புத்தாண்டில் நாம் புதுநோக்குடன்....

**Rev.Dr.A.Kanakaraj**

*2019 பல்வேறு அனுபவங்களை நமக்கு தந்துவிட்டு கடந்து போயிற்று. மனதில் மகிழ்ச்சி தந்த நிகழ்வுகள், மனவேதனை நிறைந்தவைகள், வாழ்வில் அநீதியின் ஆதிக்கத்தால் தனித்துவிடப்பட்ட வேளைகள், சமூகவாழ்வில் மக்கள் ஒடுக்கப்பட்டு, மாக்களைவிட மோசமாக நடத்தப்பட்டு கொலை செய்யப்பட்ட நிலை, மிருகங்களுக்கு மனிதகுலத்திற்கு மேல் அதிகப் பாதுகாப்பும், பதவியும்; அரசியலில் மக்களின் அதிகப்பட்ட வாக்குப்பதிவுகளைப் பெற்றபின் சிறுபான்மை அரசியல்வாதிகள் பெரும்பான்மை நலிவுற்ற மனிதரை நடுத்தெருவில் நிற்கவைக்கும் நிலை, கடவுளின் படைப்பாம் மக்களை பாதுகாக்க பொறுப்பளிக்கப்பட்ட அதிகாரிகள் அகங்காரம் கொண்டு மக்களை ஒடுக்கும் அவலநிலை, இறைச்சித்தத்தை மறைவழி பகுத்தாய்ந்து அறிவிக்க, உயர் தகவுகளான அன்பு, நீதி, சமாதானம் இவை சமூகத்தில் வளர்த்திட வைக்கப்பட்ட இறைவழி நிறுவனங்கள் இறைவனின் பெயரால் மக்களைச் சிதறச் செய்யும் செயல்கள்.....*

*இறையரசின் இனிய துடக்கமாம் தூயகுடும்பம் பொருளுக்கும், பொன்னிற்கும் கீழ் அடக்கப்பட்டு அன்புவிட்டு நீதிமன்றத்தில் நிற்கும் நிலை, தன்னைப் போல தன் சகோதரனை, பிறனை நேசிக்க இயேசு கற்பித்த வாக்குகள் தடம்மாறி தான் வாழ பிறரை ஒடுக்கும் வழியில் கிறிஸ்தவ அறவாழ்வும், நம்பிக்கையும் அழியும் நிலை, குடும்பத்தின் நிலைபேற்றிற்கான குழந்தைகள், அவர்களைப் போற்றி வளர்க்கும் பெண்மணிகள் வெறிபிடித்த மனிதனின் இரையாகும் நிலை, அவர்களுக்கு பாதுகாப்பு அளிக்கும் நெறியற்ற சமய, அரசியல், சமூக அமைப்புகள்.... அனைத்தும் நம்மைப் பயமடையச் செய்து நம் எதிர்ப்பார்ப்புகளை அழித்திருக்கும் நிலையில் ஒரு புத்தாண்டில் நாம் அனைவரும் புகுந்துள்ளோம்.*

*புத்தாண்டில் நம் வாழ்வில் வரவேண்டிய மாற்றத்தினை குடும்பம், சமயம், சமூகம், சகோதரத்துவம் எனும் நான்கு*

கருப்பொருள்களின் அடிப்படையில் சிந்திப்போம்.

**குடும்பம் :** இறைவனின் சாயலில் இணைந்த இரண்டு வேறுபட்ட உடல் அமைப்புகள். துணையாக, இணையாக மானிட படைப்புச் செயலின் தொடர் செயலை நிறைவேற்ற, படைப்புகளைப் பாதுகாக்க இறைவனால் அமைக்கப்பட்ட குடும்பம். இன்பமும் துன்பமும் பகிர்ந்து பாரில் ஒன்றாய் நிற்கவேண்டிய கணவன்-மனைவி வாழ்வியல் இன்று மாறி இன்பம் எனக்கு துன்பம் உனக்கு என்பது போல் குடும்ப வாழ்வின் போக்கில் திசைமாறிப்போய் அழியும் நிலையில் படைப்பின் நோக்கினை நிறைவேற்றும் மாற்றம் தேவை. துன்பப்படுத்துவதல்ல துன்பம் நீக்குதலே துணையின் பொறுப்பு. குடும்ப உறவில், வாழ்வில் மக்கள் கடவுள் தரும் ஆசீர்வாதம்; அதனை பொறுப்புடன், கடவுள் பயத்துடன் நிறைவேற்ற பார் படைத்தாளும் கடவுள் முன் பணிந்து நம்மைப் படைப்போம்.

***அன்பின்றி கொள்ளும் உறவு மாயம். அது வஞ்சகம், துன்பம் நீக்கிட நம் இல்லறவாழ்வில் வேண்டாம் அது.***

***சமயம்*** (தங்ப்ண்ஞ்ண்ர்ய்) : சமயம் என்பது இறைவழி வாழ்வியல். படைப்பாம் நாம் இறைவனின் நோக்கத்தை நம்வாழ்வில் நிறைவேற்றுவதே சமயம். இறைவனின் நோக்கம் புரியவேண்டுமெனில் அவருடன் உள்ளத் தொடர்பு தேவை. அதுவே விசுவாசம். கடவுளை நம் வழிப்படுத்துவதல்ல, கடவுளின் வழியில், அவர்நோக்கில் நம்மை ஒப்புவித்தலே சமய வாழ்வு. சமய நூல்கள் (திருமறை) நமக்கு கடவுளைப் புரிந்துகொள்ள உதவி செய்வதால் அவற்றைப் படிப்பதும் அதன் பொருளைப் புரிந்து படிப்பித்தலும் தேவை. சமயஅறிவு (இறை அறிவு) மாந்தரைப் பிரிப்பதல்ல, மாந்தரை இணைப்பதுடன் கடவுளின் நோக்கத்தை நிறைவேற்றுவது. ஒரே மேய்ப்பன், ஒரே மந்தை, ஒரே கடவுள் மனுக்குலத்திற்கு எனும் நோக்குடையது.

இன்றைய சமயங்களின் சடங்குகள், செயல்கள், போதனைகள் மனிதனை இணைக்கவும் துன்பம் நீக்கவும் துணைநிற்கவில்லை எனில் அவைகளை சமயங்களாக ஏற்பது தவறு. சமயத்தின் பெயரில் பிரிப்பது, அடிமைப்படுத்துவது துன்புறுத்துவது, சுரண்டுவது, பயமுறுத்துவது, அழிப்பது என்பவை கடவுள்வழி அல்ல. தீமைசெய் மனிதரின் இருள்

# 113th Church Dedication Day

1-12-2019












Rev. P. Chandran receiving the Missionary of the Year Award sponsored in memory of Er. N. Yohanan










27
239
282
436


27
239
282
436










# Carol at Christmas eve











## Annnual Harvest Festival - 2019

14 & 15 December









# Combined Christmas Celebration 2019



*நிறைந்தவழி. அது சாத்தானின் தீமையின் வழி.*

***உலகின் ஒளியாம் அன்பினை அமுக்கி மனித வாழ்வினை அழிக்கும்***

***அலகையின் வழி இறைவழியல்ல, சமயமல்ல.***

